ലോകബാങ്കിന്റെ സഹായത്തോടെ നടപ്പാക്കിയ കുടിവെള്ള പദ്ധതികൾ

55 (4663) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണ രംഗത്ത് ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ എവിടെയെല്ലാമാണ് പ്രവർത്തിച്ചു വരുന്നത് ;

(ബി) ഈ പദ്ധതികളുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) ഇവയുടെ പ്രവർത്തനങ്ങളിലൂടെ കൈവരിക്കാൻ ഉദ്ദേശിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലോകബാങ്കിന്റെ ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ പുത്തൻകുരിശ്, വിശാലകൊച്ചി വികസന അതോറിറ്റി, കോട്ടയം, അടൂർ, കൊല്ലം, ചിതറ, വിളപ്പിൽ എന്നിവിടങ്ങളിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി വഴി ജലനിധി എന്ന പേരിൽ ലോകബാങ്ക് ധനസഹായത്തോടെ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, എന്നീ ജില്ലകളിലെ 10 പഞ്ചായത്തുകളിലായി 135 കുടിവെള്ള പദ്ധതികളും പ്രവർത്തിച്ചു വരുന്നു.

(ബി) ഏഴ് ഗ്രാമീണ മേഖലകളിലെ പത്ത് ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കുക, ഒരു നഗരപ്രദേശത്തെ 1,50,000 ജനങ്ങൾക്കായുള്ള ശുദ്ധജലവിതരണം മെച്ചപ്പെടുത്തുകയും ജലവിതരണ സംവിധാനം വിപുലപ്പെടുത്തുകയും ചെയ്യുക, മനുഷ്യ വിഭവശേഷിയും പ്രവർത്തന മേഖലയും മെച്ചപ്പെടുത്തുക വഴി കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന-സാമ്പത്തിക മേഖലകളെ ശക്തിപ്പെടുത്തുവാൻ സഹായിക്കുക എന്നിവയാണ് ലോകബാങ്ക് ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ ഉദ്ദേശലക്ഷ്യങ്ങൾ

ജലവിതരണ-ശുചിത്വ പ്രവർത്തനങ്ങളിൽ സാമൂഹ്യാധിഷ്ഠിതമായ ഒരു മാതൃക സൃഷ്ടിക്കുക എന്നതാണ് കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി വഴി നടത്തുന്ന 'ജലനിധി' പദ്ധതിയുടെ പ്രധാന ലക്ഷ്യം. കൂടാതെ ആരോഗ്യ-ശുചിത്വബോധവൽക്കരണം, സ്ത്രീശാക്തീകരണം, ഭൂഗർഭ ജലപോഷണം എന്നിവയും അനുബന്ധ ഘടകങ്ങളായി നടപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ മറ്റ് ഉദ്ദേശലക്ഷ്യങ്ങൾ.

(സി) ലോകബാങ്കിന്റെ ധനസഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ പദ്ധതികളുടെ പ്രവർത്തനങ്ങളിലൂടെ കൈവരിക്കാൻ ഉദ്ദേശിച്ച നേട്ടങ്ങൾ ചുവടെ കൊടുക്കുന്നു.

എറണാകുളം ജില്ലയിലെ 5 പഞ്ചായത്തുകളിലെ 93,700 ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് പുത്തൻകുരിശും സമീപ ഗ്രാമങ്ങൾക്കും വേണ്ടിയുള്ള പദ്ധതി. വിശാലകൊച്ചി വികസന പ്രദേശത്തെ പദ്ധതി എറണാകുളം ജില്ലയിലെ തന്നെ 12 പഞ്ചായത്തുകളിലെ 4,18,000 പേർക്ക്

LIBRARY ARCHIVES Kerala Legislative Assembly

കുടിവെള്ളം ലഭ്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. കോട്ടയം ജില്ലയിലെ നാലു പഞ്ചായത്തുകളിലെ 1,46,000 ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് കോട്ടയവും സമീപ ഗ്രാമങ്ങൾക്കും വേണ്ടിയുള്ള പദ്ധതി. അടൂരും സമീപ ഗ്രാമങ്ങൾക്കും വേണ്ടിയുള്ള പദ്ധതി പത്തനംതിട്ട കൊല്ലം ജില്ലകളിലായി അഞ്ച് പഞ്ചായത്തുകളിലെ 1,65,000 പേർക്ക് കുടിവെള്ളം ലഭ്യമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. കൊല്ലം മുനിസിപ്പാലിറ്റിയിലും ആറു പഞ്ചായത്തുകളിലുമായി 3,72,000 ജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ് കൊല്ലം പദ്ധതി. ചിതറ പദ്ധതി കൊല്ലം ജില്ലയിലെ നാല് പഞ്ചായത്തുകളിലെ 1,28,000 പേർക്കും വിളപ്പിൽ പദ്ധതി തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ പഞ്ചായത്തിൽ 29,200 പേർക്കും കുടിവെള്ളം ലഭ്യമാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ്.

തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ താല്പര്യമുള്ള എല്ലാ പേർക്കും കുടിവെള്ളം സ്ഥിരമായി ലഭ്യമാക്കുക എന്നതാണ് കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി വഴി നടപ്പിലാക്കുന്ന 'ജലനിധി' പദ്ധതി മുഖേന കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ള നേട്ടം. ഏകദേശം 15 ലക്ഷം പേർക്ക് ഈ പദ്ധതി കൊണ്ട് പ്രയോജനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കേരള വാട്ടർ അതോറിറ്റിയിൽ ലംപ്സം ടെണ്ടർ നൽകുന്ന പദ്ധതികൾ

56 (4664) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലംപ്സം ടെണ്ടർ നൽകാറുണ്ടോ ; എങ്കിൽ ആയത് എത്രയാണെന്ന് അവ ഏതെല്ലാം പദ്ധതികൾക്കാണെന്നും വ്യക്തമാക്കാമോ ;

(ബി) കേരള വാട്ടർ അതോറിറ്റിയിൽ ലഭ്യമായ ഡിസൈനുകൾക്കും ടെണ്ടർ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ലംപ്സം ടെണ്ടർ സിസ്റ്റം ഏർപ്പെടുത്തിയ ഉദ്യോഗസ്ഥർ ഇപ്പോൾ കുടിവെള്ളവുമായി ബന്ധപ്പെട്ട് കൺസൾട്ടൻസിയിൽ പ്രവർത്തിക്കുന്നതായി അറിയാമോ ;

(ഡി) ഇൻവെസ്റ്റിഗേഷൻ ഡിസൈൻ, പ്ലാനിംഗ് എന്നിവകൾക്കായി ലംപ്സം ടെണ്ടർ വഴി എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) സപ്ലൈയിംഗ് ആന്റ് ലേയിംഗ് അടിസ്ഥാനത്തിൽ പ്രവൃത്തി നൽകിയതിൽ കേരള വാട്ടർ അതോറിറ്റിക്ക് നഷ്ടം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നഷ്ടം എത്രയാണെന്ന് വ്യക്താമാക്കുമോ ?

ഉത്തരം

(എ) ലംപ്സം ടെണ്ടർ നൽകാറുണ്ട്. പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly